നം.കെ.എസ്.എ-കെ.ടി.എം.പി5/1438/2018 തീയതി : 04.08.2018

# കോട്ടയം ജില്ലയിലെ നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 30.04.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 18.07.2018-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.07.2018 മുതൽ 18.07.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി രേഖ ആർ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി സുധ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ആൽബിൻ സിറിയക്ക് | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഗോപകുമാർ വി.എം. | 01.04.17മുതൽ 29.01.18 വരെ |
| | ശ്രീമതി രാജമ്മ രവീന്ദ്രൻ | 30.01.18മുതൽ 25.02.18 വരെ |
| | ശ്രീ.ജോസഫ് ദേവസ്യ | 26.02.18മുതൽ 31.03.18 വരെ |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി രാജമ്മ രവീന്ദ്രൻ | 01.4.17 മുതൽ 31.3.18 വരെ |
| വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീ.രവി വി.സോമൻ | 01.4.17 മുതൽ 31.3.18 വരെ |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീമതി എൽസമ്മ | 01.4.17 മുതൽ 31.3.18 |

| | | |
|---|---|---|
| | പീറ്റർ | വരെ |
| ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | ശ്രീ.ജോസഫ് ദേവസ്യ | 01.4.17 മുതൽ 25.02.18 വരെ |
| സെക്രട്ടറി | ശ്രീ.സജിത്ത് റ്റി. | 01.4.17 മുതൽ 31.3.18 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അനൂപ് എൻ. | 01.04.2017 മുതൽ 30.11.17 വരെ |
| | ശ്രീ.വിനോദ് കുമാർ ഇ.എസ് | 05.12.2017 മുതൽ 20.1.18 വരെ |
| | ശ്രീ.ഗിരീഷ് കുമാർ.ജെ | 24.01.18 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ.അനിൽ വർഗ്ഗിസ് | 01.04.2017 മുതൽ 12.07.17 വരെ |
| | ശ്രീമതി രെജി വി.കെ. | 20.07.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.വി.എസ്.പ്രസന്നൻ | 01.04.2017 മുതൽ 10.8.17 FN വരെ |
| | ഡോ.മാത്യൂ ഫിലിപ്പ് | 10.8.17 AN മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.മനോജ് റ്റി.എസ്. | 01.04.2017 മുതൽ 14.7.17 വരെ |
| | ശ്രീമതി ലൈലാമോൾ വർഗ്ഗീസ് | 15.07.17 മുതൽ 31.03.2018 വരെ. |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.സ്മിത എം.എസ്. | 01.04.2017 മുതൽ 05.08.17 FN വരെ |
| | ഡോ.രാജേഷ് എബ്രഹാം | 05.08.17 AN മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ആരതി ഗോപിനാഥ് | 01.04.17 മുതൽ 10.08.17 FN വരെ |
| | ഡോ.അഞ്ജന എൻ. | 10.08.17 AN മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി വസന്തകുമാരി പി. | 01.04.2017 മുതൽ 06.12.2017 വരെ |
| | ശ്രീമതി സിസിലിക്കുട്ടി | 07.12.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ദിവ്യ ആർ.നായർ | 01.04.2017 മുതൽ 07.10.2017 വരെ |

| | | |
|---|---|---|
| എൽ.എസ്.ജി.ഡി | ശ്രീമതി രശ്മി എസ്.കുമാർ | 09.10.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ബീന കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സൗമ്യ എസ്. | 01.04.2017 മുതൽ 05.12.2017 വരെ |
| | ശ്രീ.വിജയകുമാർ എം.ജി. | 06.12.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വില്ലേജോഫീസിന്റെ കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി |
| 2-2 | കെട്ടിടനിർമ്മാണം--ക്രമവൽക്കരണം--ഫീസ് ഈടാക്കുന്നതിൽ കുറവ് |
| 2-3 | കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി |
| 2-4 | 2017-18 വർഷത്തെ വാടക ഈടാക്കാത്തത്--പഞ്ചായത്തിന് വരുമാനനഷ്ടം |
| 2-5 | വാടക കുടിശ്ശിക ഈടാക്കാത്തത് |
| 2-6 | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് |
| 2-7 | കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു |
| 2-8 | വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾ ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസ് – നടപടിക്രമങ്ങൾ പാലിക്കാത്തത്--4,73,721 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-2 | റോഡ് ടാറിംഗ് പ്രവൃത്തി ബാരൽവില ഈടാക്കിയിട്ടില്ല |

| | |
|---|---|
| 3-3 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത്--5,75,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-4 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി--നിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു |
| 3-5 | പഠനോപകരണ വിതരണം 16-17 വർഷം ആനുകൂല്യം നൽകിയ വിദ്യാർത്ഥിയ്ക്ക് 17-18ലും പഠനോപകരണം നൽകി--4,346 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-6 | മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ മുഴുവൻ ലഭ്യമായിട്ടില്ല |
| 3-7 | ഹോമിയോ മരുന്ന് ലഭിച്ചിട്ടില്ല--1,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-8 | ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ--മരുന്ന് മുഴുവൻ ലഭിച്ചില്ല--1,52,252 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-9 | സംയുക്ത പ്രോജക്റ്റിനുള്ള തുക നിക്ഷേപിക്കാൻ ആരംഭിച്ച അക്കൗണ്ടിൽ നാളിതുവരെ തുക നിക്ഷേപിച്ചിട്ടില്ല |
| 3-10 | ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല |
| 3-11 | വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |

# ഭാഗം 1
## പൊതു അവലോകനം

### 1-1 ബജറ്റ്

2017 -18 വർഷത്തെ ബജറ്റ് 16.3.2018 തിയതിയിലെ 2(1)-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർഥം |
|---|---|---|
| മുന്നിരിപ്പ് | 79,19,714 | 1,26,89,067 |
| വരവ് | 7,86,41,916 | 4,75,87,049 |
| ആകെ | 8,65,61,630 | 6,02,76,116 |
| ചെലവ് | 8,36,42,954 | 5,44,36,709 |
| നീക്കിയിരിപ്പ് | 29,18,676 | 58,39,407 |

## 1-2 വാർഷിക ധനകാര്യപത്രിക

2017-18 വർഷത്തെ വാർഷികകണക്കുകൾ 24.5.18ൽ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 06.06.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ കെ.എസ്.എ-കെ.ടി.എം.പി5/1114/18 തീയതി 27.6.18 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,32,26,579 |
| വരവ് | 7,57,52,134 |
| ആകെ | 8,89,78,713 |
| ചെലവ് | 6,46,84,024 |
| നീക്കിയിരിപ്പ് | 2,42,94,689 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,31,04,588 | 1,31,04,588 | 1,31,04,588 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 37,58,122 | 37,58,122 | 37,58,122 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2,89,000 | 2,89,000 | 2,89,000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 56,80,895 | 56,80,895 | 56,80,895 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 25,28,551 | 25,28,551 | 25,28,551 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 62,73,078 | 62,73,078 | 62,73,078 | 0 |
| ട്രഷറി ടി.എസ്.ബി | 67,04,929 | 1,06,74,330 | 1,73,79,259 | 81,34,706 | 92,44,553 |
| എസ്.ബി.ടി.ലിറ്ററസി | 2,211 | 83 | 2,294 | 0 | 2,294 |
| തനതുഫണ്ട് ബാങ്ക് | 39,49,705 | 1,47,75,816 | 1,87,25,521 | 1,22,60,077 | 64,65,444 |
| MGNREGES | 10,391 | 84,04,423 | 84,14,814 | 84,09,333 | 5,481 |
| കറന്റ് അക്കൗണ്ട് | 0 | 44,788 | 44,788 | - | 44,788 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 2,95,68,200 | 2,95,68,200 | 2,95,68,200 | |
| എസ്.ബി.ഐ ജലനിധി | 20,43,873 | 2,01,68,152 | 2,22,12,025 | 1,49,68,610 | 72,43,415 |
| ICDS എസ്.ബി.ഐ | 3,51,935 | 11,87,010 | 15,38,945 | 3,79,417 | 11,59,528 |
| ക്യാഷ് | 1,63,535 | 5,06,11,261 | 5,07,74,796 | 5,06,45,150 | 1,29,646 |
| മറ്റിനം | 0 | 74,88,479 | 7488479 | 36,73,182 | 38,15,297 |
| ആകെ | 1,32,26,579 | 17,45,56,776 | 18,77,83,355 | 15,96,72,909 | 2,81,10,446 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 138 | 4,74,19,846 | 109 | 3,63,78,403 | 22 | 3 | 79 |

15.3.18 ലെ തീരുമാനം നം.1(2) ആയി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകാരം നല്കിയ വാർഷികപദ്ധതി പ്രോജക്കുകൾക്ക് ജില്ലാ ആസൂത്രണ സമിതി 31.3.18 ലെ ഉത്തരവ് നം.490/17/DPC/DPO/KTM പ്രകാരം അംഗീകാരം നല്കി.

പദ്ധതി ആസൂത്രണം

17.4.17 മുതൽ 24.4.17 വരെ വിവിധ വാർഡുകളിലെ ഗ്രാമസഭാ യോഗങ്ങൾ ചേർന്നു. വ്യക്തിഗത ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നതിനും വാർഷിക പദ്ധതി അധിക ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നതിനും ഗ്രാമ സഭായോഗങ്ങൾ കൂടിയിട്ടുണ്ട്. 9.4.17, 11.8.17 തീയതികളിൽ ഊരുകൂട്ടം യോഗങ്ങളും 2.5.17 ൽ ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള ഗ്രാമ സഭയും 4.1.18 ൽ സ്പെഷ്യൽ ശുചിത്വ ഗ്രാമസഭയും നടന്നു.

5.5.17 ൽ വികസന സെമിനാർ നടന്നതായി കാണുന്നു. എന്നാൽ വികസന സെമിനാറിന്റെ മിനിറ്റ്സ് ബുക്കിൽ യോഗത്തിൽ പങ്കെടുത്തവരുടെ ഹാജരല്ലാതെ പ്രോജക്കുകൾ സംബന്ധിച്ച ചർച്ചകളുടെയും തീരുമാനങ്ങളുടെയും വിവരങ്ങൾ ചേർത്തിട്ടില്ല.

മറ്റു നിരീക്ഷണങ്ങൾ

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്കുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്കുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

കൃഷി ജലസേചനം ഫിഷറീസ്, സാമൂഹ്യ നീതി, പട്ടിജാതി പട്ടികവർഗ്ഗ വികസനം, കുടിവെള്ളം, ശുചിത്വം മാലിന്യ സംസ്കരണം, ആരോഗ്യം, പൊതുഭരണവും ധനകാര്യവും സദ്ഭരണവും എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സ് 17-18 വർഷം എഴുതിയിട്ടില്ലാത്തതിനാൽ ടി വർക്കിംഗ് ഗ്രൂപ്പുകൾ കൂടിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ലായെന്നാണ് ഇത് വ്യക്തമാക്കുന്നത്. പഞ്ചായത്തിൽ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായ മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾ ഒറ്റത്തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ആയതിന്റെ മിനിറ്റ്സ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. യോഗങ്ങളിൽ നടന്ന ചർച്ചകളുടെ വിവരങ്ങളോ കൈക്കൊണ്ട തീരുമാനങ്ങൾ എഴുതി പൂർത്തിയാക്കിയ മിനിറ്റ്സോ ഉണ്ടായിരുന്നില്ല. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മിറ്റികൾ/വർക്കിംഗ് ഗ്രൂപ്പുകൾ ചുമതലകൾ കൃത്യമായി

നിർവഹിക്കുകയുണ്ടായില്ല എന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്.

<u>വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് | ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 45,79,497 | 16,43,336 | വികസനകാര്യം |
| വെറ്ററിനറി സർജൻ | 10 | 10 | 41,48,000 | 37,73,000 | വികസനകാര്യം |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 5 | 5 | 11,80,145 | 11,76,306 | ആരോഗ്യ- വിദ്യാഭ്യാസം |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 9 | 42,08,016 | 40,03,521 | വികസനകാര്യം, ക്ഷേമകാര്യം |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 25,20,267 | 17,06,496 | ക്ഷേമകാര്യം |
| സെക്രട്ടറി | 19 | 18 | 1,27,07,702 | 1,13,55,099 | വികസനകാര്യം.ധനകാര്യം, ആരോഗ്യ- വിദ്യാഭ്യാസം, ക്ഷേമകാര്യം |
| അസിസ്റ്റന്റ് എൻജിനീയർ | 68 | 53 | 1,15,38,438 | 73,87,464 | വികസനകാര്യം |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 3 | 35,90,000 | 24,79,200 | ക്ഷേമകാര്യം |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 4,00,000 | 4,00,000 | ആരോഗ്യ- വിദ്യാഭ്യാസം |
| വി.ഇ.ഒ | 5 | 5 | 6,60,000 | 5,66,200 | വികസനകാര്യം |
| എച്ച്.എം | 11 | 11 | 18,87,781 | 18,87,781 | ആരോഗ്യ- വിദ്യാഭ്യാസം |

അംഗീകാരം ലഭിച്ച 138 പ്രോജക്ടുകളിൽ 109 എണ്ണവും നടപ്പാക്കാനായി. എല്ലാ മേഖലകളിലും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പതിവുപ്രോജക്ടുകൾ എന്നതിലുപരി മാതൃകാപരമായതോ, എടുത്തുപറയത്തക്കതോ ആയ പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. എന്നാൽ 2 അങ്കണവാടികൾക്ക് സ്ഥലം വാങ്ങാനായി എന്നത്

പ്രശംസനീയമാണ്. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്കായി പഠനമുറി നിർമ്മാണം, കമ്പ്യൂട്ടർ വാങ്ങൽ, ഫർണിച്ചർ വിതരണം തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കാനായി. പഞ്ചായത്ത് പൊതുശ്മശാനം നവീകരണത്തിനായി തുക വകയിരുത്തിയിരുന്നെങ്കിലും പ്രോജക്ട് നടപ്പിലാക്കാനായില്ല. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ഏറിയ പങ്കും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളായിരുന്നു.

## 1-7 തൊഴിലുറപ്പപദ്ധതി

ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതിയുടെ 2017-18 ലെ വരവുചെലവുകൾ ചുവടെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 10,391 | 7,71,493 | 7,81,884 | 7,76,403 | 5,481 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 79,35,749 | 79,35,749 | 79,35,749 | |
| | 10,391 | 87,07,242 | 87,17,633 | 87,12,152 | 5,481 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30,000 | 58 |
| കർഷകതൊഴിലാളി പെൻഷൻ | 27,57,400 | 231 |
| വിധവാപെൻഷൻ | 88,53,300 | 732 |
| വാർദ്ധക്യകാലപെൻഷൻ | 1,53,96,000 | 1161 |
| വികലാംഗപെൻഷൻ | 23,86,500 | 200 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.7.2018 ന് 3 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,275/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം മികച്ച രീതിയിൽ പ്രവർത്തിയ്ക്കുന്നു. ഓഫീസ് ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരും കൃത്യനിർവ്വഹണം നടത്തുന്നുണ്ട്. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ, പ്രത്യക ഉദ്ദേശ്യത്തിന് വരുന്ന തുകകളെ സംബന്ധിച്ച രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ക്രമമായി ബൈൻഡ് ചെയ്ത് സൂക്ഷിക്കുകയും ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. വരവിനങ്ങളുടെയെല്ലാം ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല. വസ്തു നികുതിയിനത്തിൽ ഭീമമായ തുക കുടിശ്ശികയുണ്ട്. പഞ്ചായത്തിലെ ജീവനക്കാരായ ക്ലാർക്കുമാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓരോ സെക്ഷനിലും കിട്ടുന്ന തപാലുകൾ പ്രസ്തുത സീറ്റിലെ ക്ലാർക്കുമാർ പേഴ്സണൽ രജിസ്റ്ററിൽ ചേർക്കേണ്ടതും തുടർന്ന് ഫയൽ നടപടികൾ തുടങ്ങുകയും ചെയ്യണം.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.05.18 | 3/18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.7.14 | 2013-14 | LBA(HQ)/11 /8A-2160/(661) |

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ നാളിതു വരെ പൂർത്തീകരിക്കാത്തതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരമുള്ള സ്ഥിര ആസ്തി മൂല്യത്തിന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

2) ആധികാരികമായ ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ബി-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് ഇനത്തിലെ ബാധ്യതയുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. രജിസ്റ്ററിൽ വർഷാന്ത്യ തുകകൾ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡെപ്പോസിറ്റ് ഇനത്തിലെ വരവ്, മടക്കി നൽകൽ/ക്രമീകരണം എന്നിവ ക്രമാനുഗതമായി രേഖപ്പെടുത്തിയിട്ടില്ല.

3) പഞ്ചായത്ത് ഓഫീസ് നവീകരണത്തിന് 3,10,890 രൂപ പാർട്ട് ബില്ല് പ്രകാരം ചെലവഴിച്ചിട്ടുണ്ടെങ്കിലും ആനുപാതികമായ തുക ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിലേക്ക് മാറ്റിയിട്ടില്ല.

4) ആധികാരികമായ അഡ്വാൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ ബി-18 ഷെഡ്യൂൾ പ്രകാരമുള്ള വായ്പ/മുൻകൂർ ഇനങ്ങളുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. രജിസ്റ്ററിൽ ഇനം തിരിച്ച് വർഷാന്ത്യ തുകകൾ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വായ്പ/മുൻകൂർ ഇനങ്ങളിലെ വിവരങ്ങൾ ക്രമാനുഗതമായി രേഖപ്പെടുത്തിയിട്ടില്ല.

5) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 08.03.2018, 31.03.2018 തീയതികളിൽ അനുവദിക്കപ്പെട്ട തുകകൾ (660136+36445) ട്രഷറി ബില്ല് മുഖാന്തിരം ഇതിനായുള്ള ടി.എസ്.ബി അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിൽ വീഴ്ച ഉണ്ടായതിനാൽ ഈ തുക വരവ് ചേർക്കുന്നതിൽ കുറവുണ്ടായിട്ടുണ്ട്. (സാംഖ്യ വെബ് മുഖേന ലഭിക്കുന്ന എ.സി.ആർ പ്രകാരമുള്ള തുകയിൽ വ്യത്യാസം കാണുന്നു).

6) നെടുംകുന്നം സൗത്ത് സർവ്വീസ് കോപ്പറേറ്റ് ബാങ്കിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചിട്ടുള്ള 5,00,000 രൂപ (എഫ്.ഡി നമ്പർ- 0662) 17.10.2017 തീയതി പ്രാബല്യത്തിൽ 42,500 രൂപ പലിശയോടു കൂടി 02.11.2017 തീയതി പുതുക്കിയിട്ടുണ്ടെങ്കിലും ഈ പലിശ ചേർത്തിരിക്കുന്നത് നെടുംകുന്നം റീജിയണൽ സർവ്വീസ് കോപ്പറേറ്റ് ബാങ്കിന്റെ ബാങ്ക് ബുക്കിലാണ്.

7) കിട്ടാനുള്ള തുകകൾക്ക് പ്രോവിഷൻ നൽകി I-16 ഷെഡ്യൂൾ ഉൾപ്പെടുത്തിയിട്ടില്ല.

8) വസ്തു നികുതിയിനത്തിലെ ഡിമാന്റ്- കളക്ഷൻ തുകകൾ സാംഖ്യ- സഞ്ചയ റിപ്പോർട്ടുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

9) ഇൻകം ആന്റ് എക്സ്പെൻറ്റീച്ചർ അക്കൗണ്ടിന് അനുബന്ധമായുള്ള I-14 ഷെഡ്യൂളിൽ (വികേന്ദ്രീകൃതാസൂത്രണ ചെലവുകൾ- ഉൽപാദന മേഖല) അംഗൻവാടി പോഷകാഹാരവുമായി ബന്ധപ്പെട്ട ചെലവുകളും ഉൾപ്പെടുത്തി കാണുന്നു. പ്രസ്തുത ചെലവ് ഉൽപ്പാദന മേഖല ചെലവായി പരിഗണിക്കാൻ സാധിക്കില്ല. ആയതിനാൽ അപാകത പരിഹരിക്കേണ്ടതാണ്.

10) 2016-17 സാമ്പത്തീക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം കെട്ടിട വാടകയിനത്തിൽ 69,694 രൂപ ലഭിക്കാനുണ്ട് (ബി-15 ഷെഡ്യൂൾ പ്രകാരം). എന്നാൽ വാടക രജിസ്റ്റർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ 'ലഭിക്കാനുള്ള കെട്ടിട വാടകയുടെ 'മുൻ ബാക്കി 73,208 രൂപയാണ്. ഇവ തമ്മിൽ 3,514 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

11) I-1 ഷെഡ്യൂളിൽ ഭൂപരിവർത്തന നികുതി സെസ്സ് യു/എസ്സ് 200(3) എന്ന ശീർഷകത്തിൽ 23,819 രൂപ ലഭിക്കാനുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ഈ ശീർഷകം ഉൾപ്പെടുത്തേണ്ടിയിരുന്നത് I-4(b) ഷെഡ്യൂളിലാണ്.

12) ബി-4 ഷെഡ്യൂൾ പ്രകാരം ICDS കേന്ദ്രാവൃഷ്കൃത പദ്ധതിയുടെ ബാലൻസായി 6,13,682/- രൂപയാണ്. എന്നാൽ ICDS അക്കൗണ്ട് പ്രകാരം 1159528/-RP 40(b) നീക്കിയിരുപ്പുള്ളത്.

13) തനതുഫണ്ട് വൗച്ചർ നം 2170052/20.4.17 പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 2,34,942/- രൂപയാണ് അടവാക്കിയിട്ടുള്ളത്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് 2,34,953/-രൂപയാണ്.

14) വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി ട്രേഡേഴ്സ് ഇനത്തിൽ കുടിശ്ശികയായി 75,964/-രൂപയും ഡി&ഒ ലൈസൻസ് ഫീസ് കുടിശ്ശികയായി 19,420/-രൂപയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട കുടിശ്ശിക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

15) 6)ബാലൻസ്ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരമുള്ള ബാദ്ധ്യത തുകകളും ബിൽരജിസ്റ്ററിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | ബി-9 ഷെഡ്യൂൾ പ്രകാരം | ബിൽരജിസ്റ്റർ പ്രകാരം |
|---|---|---|
| Net salary payable | 8,88,056 | 3,11,055 |
| GPF | 32,600 | 22,600 |
| KPEPF | 2,84,937 | 83,230 |
| SLI | 4,750 | 4,250 |
| GIS | 4,800 | 4,400 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വില്ലേജോഫീസിന്റെ കെട്ടിടത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി

2017-18 വർഷം നികുതി നിർണ്ണയം നടത്തിയ നെടുംകുന്നം വില്ലേജോഫീസിന്റെ 129 ച.മീ.വിസ്തീർണ്ണമുള്ള 11/476 നം കെട്ടിടത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. ആയതിന് വിശദീകരണം നല്കുവാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) ടി കെട്ടിടത്തിന്റെ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നല്കി. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 2-2 കെട്ടിടനിർമ്മാണം -ക്രമവൽക്കരണം--ഫീസ് ഈടാക്കുന്നതിൽ കുറവ്

പി.ജെ.തോമസ്, നെല്ലിക്കാട്ടുപായി എന്നയാളുടെ 209.25 ച.മീ. തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മാണത്തിന് മുമ്പായി യഥാവിധി പെർമിറ്റ് വാങ്ങാതെ നിർമ്മാണം പൂർത്തിയാക്കുകയും ക്രമവൽക്കരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയുംചെയ്തു. എൻജിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമവല്ക്കരണ ഫീസ് ഈടാക്കിക്കൊണ്ട് ടി കെട്ടിടം ക്രമവൽക്കരിച്ചു നല്കിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്ക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സങ്കേതം സോഫ്റ്റ് വെയർ മുഖേന സമർപ്പിച്ച അപേക്ഷയിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും (3 ഇരട്ടി) ഈടാക്കേണ്ടതിനു പകരം രാജിയാക്കൽ ഫീസ് മാത്രമാണ് പ്രസ്തുത കെട്ടിടത്തിന് ഈടാക്കിയിട്ടുള്ളത്. അതായത് 209x15=3135 രൂപ ഈടാക്കേണ്ടതിനു പകരം 209x10=2090 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇപ്രകാരം ക്രമവൽക്കരണ ഫീസ് 1,045 രൂപ കുറവ് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം.2/16.7.18ന് കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നല്കി

നിലവിൽ സങ്കേതം സോഫ്റ്റ്‌വെയർ പ്രകാരം ക്രമവല്ക്കരണ കേസുകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ജനറേറ്റ് ചെയ്ത് വരുന്നതും കക്ഷികളിൽ നിന്നും ഈടാക്കുന്നതും. പഞ്ചായത്തിന് ഫീസിനത്തിൽ ലഭിക്കേണ്ട തുകയിൽ സോഫ്റ്റ്‌വെയർ അപാകം മൂലം കുറവുണ്ടാകുന്നത് സാങ്കേതിക വിഭാഗവുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും, സോഫ്റ്റ്‌വെയർ നിലവിൽ വന്ന ശേഷം ക്രമവല്ക്കരണ കേസുകളിൽ ഈടാക്കിയ ഫീസ് പുന:പരിശോധിച്ച് കുറവു വന്ന തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

## 2-3 കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി

സഞ്ചയ റവന്യൂ മോഡ്യൂൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | പേര് | വിസ്തീർണ്ണം |
|---|---|---|---|
| 1 | 5/271 | ആർട്സ് & സ്പോർട്സ് ക്ലബ് | 30 ച.മീ |
| 2 | 3/461 | ഉഷാ മഹിളാ സമാജം | 45 ച.മീ |
| 3 | 11/338 | പ്രൊഫസർ കെ.ജെ.സിറിയക്ക് സ്മാരക മന്ദിരം | 24 ച.മീ |

ടി കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6) 93-94 ലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ടി കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളവയാണെന്നും പുന:പരിശോധന നടത്തി നിയമപ്രകാരമുള്ള നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-4 2017-18 വർഷത്തെ വാടക ഈടാക്കാത്തത് -- പഞ്ചായത്തിന് വരുമാനനഷ്ടം

വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 വർഷം പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ താഴെപ്പറയുന്ന വാടകക്കാർ വാടക അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | കെട്ടിട നം. | കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | രാജേന്ദ്ര ദാസ് | 4/7 | 2/18 &3/18 | 1,600 |
| 2 | കെ.ശിവരാമൻ | 4/9 | 1/18-3/18 | 3,522 |
| 3 | ഓമനകൃഷ്ണൻ നായർ | തയ്യൽ തറ | balance | 142 |
| 4 | എം.എസ്.ജ്ഞാനേശ്വരൻ | 4/306 | balance | 196 |
| 5 | നാസർ പി.എൻ. | മാർക്കറ്റ് സ്റ്റാൾ-2 | 8/17-3/18 | 10,800 |
| 6 | സാബു ജോസഫ് | 4/298 | 9/17-3/18 | 5,005 |
| 7 | സ്കറിയ ജോൺ | 4/292 | 11/17-3/18 | 7,500 |
| | | | ആകെ | 28,765 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/17.7.18) മറുപടി ലഭിച്ചിട്ടില്ല. വാടകയിനത്തിലുള്ള തുക പിഴപ്പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 വാടക കുടിശ്ശിക ഈടാക്കാത്തത്

1) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റിലെ, 4/298 നമ്പർ മുറി സാബു ജോസഫ് എന്നയാൾ 2016-17 ൽ ലേലം കൊണ്ടിരുന്നു. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ ടിയാൻ 43,000/-രൂപ (പ്രതിമാസ വാടക 6000) വാടക കുടിശ്ശിക വരുത്തിയതായി കാണുന്നു. തുടർന്ന് 18.4.17 ൽ ടി മുറി കൈവശം തുടരാൻ താത്പര്യമില്ലെന്ന് അറിയിക്കുകയും, 21.8.17 ൽ കുടിശ്ശിക തുക തവണകളായി അടയ്ക്കുന്നതിന് അനുവാദം തരണമെന്ന്

അപേക്ഷിച്ചതായും കാണുന്നു. എന്നാൽ നാളിതു വരെ കുടിശ്ശിക അടച്ചിട്ടില്ല. രജിസ്റ്റർ പരിശോധിച്ചതിൽ ടിയാൻ 4/17, 5/17, 6/17 എന്നീ മാസങ്ങളിലും മുറി കൈവശം വച്ചതായി കാണുന്നു. ആയതനുസരിച്ച് 18,900/-രൂപ വാടക കുടിശ്ശിക ഇനത്തിൽ ഈടാക്കുവാനുണ്ട് (6000x5%=6300x3). ടി തുക വാർഷിക കണക്കിൽ ഡിമാന്റിലും കുടിശ്ശികയിലും ഉൾപ്പെടുത്തിയിട്ടില്ല. വാടക കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. വാടകയിനത്തിൽ കുടിശ്ശിക വരുത്തിയ ടിയാനെ തുടർ വർഷങ്ങളിൽ 2/292 എന്ന മുറിയിൽ ലേലത്തിൽ പങ്കെടുപ്പിക്കുകയും ലേലം ഉറപ്പിച്ച് നൽകുകയും ചെയ്തത് ശരിയായ നടപടിയല്ല

2) ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ മുൻവർഷങ്ങളിൽ ഉപയോഗിച്ചിരുന്ന താഴെകൊടുത്തിട്ടുള്ള വാടകക്കാരിൽനിന്നും വാടകകുടിശ്ശിക ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടകക്കാരന്റെ പേര് | വാടക കുടിശ്ശിക |
|---|---|---|
| 1 | കുഞ്ഞമ്മ ദേവസ്യ | 1,986 |
| 2 | വി.വി.രഘുനാഥൻ | 8,251/- |
| 3 | ഐ.വൈ.ജോർജ് | 4,193/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/17.7.18)മറുപടി ലഭിച്ചിട്ടില്ല. കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ പേര്/റിട്ടേൺ പ്രകാരമുള്ള അർദ്ധ വാർഷിക ശമ്പളം | നികുതി ഈടാക്കാത്ത അർദ്ധ വർഷം | ഈടാക്കിയ തുക (രൂപ) | ഈടാക്കേണ്ട തുക (രൂപ) | കുറവ് (രൂപ) |
|---|---|---|---|---|---|---|
| 1 | ബി.ആർ.സി., കറുകച്ചാൽ | അഥീന രാജൻ, എം.ഐ.സി കോർഡിനേറ്റർ- 92000 രൂപ | 1 | 600 | 750 | 150 |
| 2 | ബി.ആർ.സി., കറുകച്ചാൽ | ഗിരീഷ് കുമാർ എം.വി., അക്കൗണ്ടന്റ്- 138000 രൂപ | 2 | 1000 | 1250 | 250 |
| 3 | പോസ്റ്റ് മാസ്റ്റർ, കാഞ്ഞിരപ്പള്ളി | രാജു സ്കറിയ- 64900 | 1&2 | 900 (450x2) | 1200 (600x2) | 300 (150x2) |
| ആകെ | | | | | | 700 |

തൊഴിൽ നികുതിയിനത്തിൽ കുറവു വന്ന തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-7 കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽനിന്ന് നൽകിയ കാലാവധി കഴിഞ്ഞതും പണമാക്കാത്തതുമായ ചെക്കുകൾ അക്കൗണ്ടിൽ തിരികെ വരവുവെയ്ക്കേണ്ടതാണെന്ന് 2011ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ ചട്ടം-46 ൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. 30.04.2018-ൽ നടത്തിയ തനതുഫണ്ട് അക്കൗണ്ടിന്റെ

റിക്കൺസിലിയേഷൻ പത്രിക പ്രകാരം തിരികെ അക്കൗണ്ടിൽ വരവുവെയ്ക്കേണ്ടതായ ചെക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | ചെക്ക് നമ്പർ/തീയതി | തുക (രൂപ) |
|---|---|---|
| നെടുംകുന്നം ആർ.എസ്.സി.ബി- 450230101 | 17480/17.01.18 | 1,250 |
| നെടുംകുന്നം ആർ.എസ്.സി.ബി- 450230101 | 17196/26-05-17 | 2,000 |
| എസ്.ബി.ടി പെൻഷൻ, നെടുംകുന്നം - 450610101 | 751166/09.10.17 | 1,000 |

ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഈ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചേയ്യേണ്ടതുമാണ്.

## 2-8 വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾ ഡിആന്റ്ഓ ലൈസൻസ് എടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ വാണിജ്യ സ്ഥാപനങ്ങളിൽ വാണിജ്യാവശ്യത്തിനായി ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. വസ്തു നികുതിയുടെ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 1152 വാണിജ്യ കെട്ടിടങ്ങളുണ്ട്. എന്നാൽ ഡി ആന്റ് ഒ രജിസ്റ്റർ പ്രകാരം 306 സ്ഥാപനങ്ങൾ മാത്രമാണ് 2017-18 വർഷം ലൈസൻസ് പുതുക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസ്- നടപടിക്രമങ്ങൾ പാലിയ്ക്കാത്തത്-4,73,721 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

തൻവർഷം സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസ് പദ്ധതിയിൽപ്പെടുത്തി വികസനഫണ്ടിൽ നിന്നും 4,73,721/- രൂപ ചെലവഴിച്ച് (ബിൽ നം.364 street light/31-3-18) KREWS, കാസർഗോഡ് നിന്നും (ടെണ്ടർ മുഖേന)ആകെ 308 സിഎഫ് എല്ലുകൾ വാങ്ങി (2x11w)പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സി.എഫ്.എല്ലുകൾ സ്ഥാപിച്ചുവെന്ന KREWS ന്റെ ഒരു സാക്ഷ്യപത്രമല്ലാതെ ഏതൊക്കെ പോയിന്റുകളിൽ സ്ഥാപിച്ചുവെന്ന വാർഡ് തിരിച്ചുള്ള റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.
2. വാർഡ് തിരിച്ചുള്ള ആവശ്യകതാനിർണയം നടത്താതെ 15 വാർഡുകൾക്കും 16 എണ്ണം വീതം വീതിച്ചു നൽകുകയും ബാക്കി 68 എണ്ണം കറുകച്ചാൽ -മണിമല മെയിൻറോഡിൽ സ്ഥാപിയ്ക്കുന്നതിനും നൽകിയതായി ജനറൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നു.
3. പദ്ധതിമോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.
4. മറ്റൊരു സ്പിൽഓവർ പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നം.135/18) 15 വാർഡുകളിലും 10 എണ്ണം വീതം 150 ലൈറ്റുകൾ (30w) മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഈ പോയിന്റുകൾ ഒഴിവാക്കി മറ്റിടങ്ങളിലാണോ പുതിയ പ്രോജക്ട് പ്രകാരം ലൈറ്റുകൾ സ്ഥാപിച്ചതെന്ന് വ്യക്തമല്ല.
5. പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ഉത്തരവ് നം.ജി2-44274/2015 ലെ നിർദ്ദേശപ്രകാരം തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല.
6. പദ്ധതിനടത്തിപ്പ് നിരീക്ഷണത്തിലും മേൽനോട്ടത്തിലും ബന്ധപ്പെട്ട വികസനകാര്യസ്റ്റാന്റിംഗ്കമ്മിറ്റിയ്ക്ക് വീഴ്ച

സംഭവിച്ചതായും ഓഡിറ്റിൽ വിലയിരുത്തുന്നു.

മേൽകാരണങ്ങളാൽ സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസിനായുള്ള 4,73,721 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 റോഡ് ടാറിംഗ്പ്രവൃത്തി ബാരൽവില ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മത്തുപടി കുനാനി റോഡ് ടാറിംഗ്പ്രവൃത്തിയുടെ (പ്രോജക്ട് നം 142/18) ബില്ലിൽനിന്ന് ബാരൽവില ഈടാക്കാതെ തുക നല്കിയതിനാൽ കരാറുകാരന് താഴെ പറയും പ്രകാരം അധിക തുക നല്കി.

| കരാറുകാരൻ | ഉപയോഗിച്ച ബിറ്റുമിൻ (ബാരലുകൾ) | ഈടാക്കേണ്ടതുക (നികുതി ഉൾപ്പെടെ) |
|---|---|---|
| ശ്രീ.ജോർജ് ജോസഫ് | 14 ബാരൽ @ 238+ 12% വാറ്റ് | 14x283=3962 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/17.7.18) മറുപടി ലഭിച്ചിട്ടില്ല. മേൽ പരാമർശിച്ച പ്രകാരം കരാറുകാരന് അധികമായി നല്കിയ തുക ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 3-3 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തത്-5,75,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മെറ്റീരിയൽ റിക്കവറി സെന്റർ &പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിനായി (പ്രോജക്ട്നം.101/18) വികസനഫണ്ടിൽ നിന്നും 2,00,000 ലക്ഷം രൂപ (ബിൽ നം.858/mate.rec.centre/8-1-18) വാഴൂർ ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് നൽകിയിട്ടുണ്ട്. ടി പദ്ധതി പൂർത്തീകരിച്ചിട്ടില്ല.
2. വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി കന്നുകുട്ടിപരിപാലനപദ്ധതിയ്ക്കായി (പ്രോജക്ട്നം. 29/18) വികസനഫണ്ടിൽ നിന്നും 3,75,000- (ബിൽ നം.8/17-18) അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം പേർക്ക് നൽകിയിട്ടുണ്ട്. പദ്ധതിപൂർത്തീകരണ കാലയളവ് കഴിഞ്ഞിട്ടില്ല.

പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗവിവരങ്ങൾ ലഭ്യമാകുന്നതു വരെ മേൽ പ്രോജക്ടുകൾക്കായുള്ള 5,75,000(200000+375000)രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി -നിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 115/18 |
| പേര് | എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ- വികസന ഫണ്ട്(എസ്.സി.പി)<br>തനത് ഫണ്ട് | 23,77,778<br>22,222 |
| ചെലവ് -വികസന ഫണ്ട്(എസ്.സി.പി) | 16,00,000 |

എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി എന്ന പ്രോജക്ട് പ്രകാരം 23 ഗുണഭോക്താക്കൾ പഠന മുറി നിർമ്മാണത്തിനായി കരാർ വെച്ചതിൽ 16 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 50,000 രൂപ അഡ്വാൻസ് തുക കൈപ്പറ്റിയ 7 ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ബിൽ നം. |
|---|---|---|
| 1 | വത്സല റ്റി., ഓണാട്ട്, നെടുംകുന്നം | 5/17-18 |

| | | |
|---|---|---|
| 2 | അശ്വതി റ്റി.കെ., പാറത്തോട്ടുങ്കൽ, പുന്നവേലി | ,, |
| 3 | കുഞ്ഞുമോൻ പി.എം., ആഴാംചിറ, മാന്തുരുത്തി | 9/17-18 |
| 4 | സുമേഷ് കുമാർ, തോണിപ്പാറ, നെടുമണ്ണി | 10/17-18 |
| 5 | കൃഷ്ണമ്മ റ്റി., പുളിമൂട്ടിൽ, ചേലക്കൊമ്പ് | 11/17-18 |
| 6 | കുട്ടപ്പൻ പി.കെ., പാലയ്ക്കൽ വീട്, നെടുംകുന്നം | 13/17-18 |
| 7 | സനിത വി.പി., പടിഞ്ഞാറെ മുറി, നെടുംകുന്നം | 19/17-18 |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് അഡ്വാൻസിനത്തിൽ നല്കിയ 3,50,000(50000x7) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. പൂർത്തീകരണ നടപടികളും തുടർപ്രവർത്തനവും പട്ടികജാതി പട്ടികവർഗ്ഗ ദാരിദ്ര്യലഘൂകരണ വിഭാഗം വർക്കിംഗ് ഗ്രൂപ്പും, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും കൃത്യമായി മോണിട്ടർ ചെയ്യേണ്ടതാണ്.

## 3-5 പഠനോപകരണ വിതരണം 16-17 വർഷം ആനുകൂല്യം നല്കിയ വിദ്യാർത്ഥിയ്ക്ക് 17-18 ലും പഠനോപകരണം നല്കി--4,346 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 128/18 |
| പേര് | പഠനോപകരണ വിതരണം (എസ്.സി) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് |
| അടങ്കൽ- വികസന ഫണ്ട്(എസ്.സി.പി) | 2,20,000 |
| ചെലവ് -വികസന ഫണ്ട്(എസ്.സി.പി) | 2,17,300 |
| ബിൽ നം. | 11/28.3.18 |

പഠനോപകരണ വിതരണം (എസ്.സി) എന്ന പ്രോജക്ട് പ്രകാരം 50 മേശയും കസേരയും തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും 50 എസ്.സി വിദ്യാർഥികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2016-17 വർഷം മേശയും കസേരയും നല്കിയ ഷാന കെ.ഷാജി കുഴിമണ്ണിൽ വീട്, ചേലക്കൊമ്പ് പി.ഒ. എന്ന വിദ്യാർത്ഥിയ്ക്ക് 17-18 വർഷവും മേശയും കസേരയും നല്കിയതായി കാണുന്നു. 13-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ.എം.എസ് 80/17 ത.സ്വ.ഭ.വ.3.4.17 ഖണ്ഡിക 11-8-4 പ്രകാരം ഒരു വിദ്യാർത്ഥിയ്ക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നല്കാവൂ എന്ന് വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ ഇപ്രകാരം ഒരു വിദ്യാർഥിയ്ക്ക് തുടർച്ചയായി രണ്ടു വർഷവും ആനുകൂല്യം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.7/17.7.18) നല്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ഒരു മേശയുടെയും കസേരയുടെയും വിലയിനത്തിൽ ചെലവഴിച്ച 4,346 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 മരുന്നുകൾ /മെഡിക്കൽ ഉപകരണങ്ങൾ മുഴുവൻ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹിച്ച മരുന്നു വാങ്ങൽ പ്രോജക്ടുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ട് നമ്പർ 57/17-18 – പിഎച്ച്.സി ക്ക് മരുന്നു വാങ്ങൽ

അടങ്കൽ – 4,00,000

ചെലവ് – 3,96,171

പ്രസ്തുത പ്രോജക്ട് പ്രകാരം നെടുംകുന്നം പി.എച്ച്.സി ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ

സർവ്വീസ് കോപ്പറേഷന (അക്കൗണ്ട് നം.3624001800000019, പി.എൻ.ബി) വിവിധ ബില്ലുകൾ പ്രകാരം ആകെ 3,96,171 രൂപ നൽകിയിരുന്നു. ഇതിൽ 3,88,779 രൂപയുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്. ബിൽ നം.17/17-18 തീയതി 09.02.18 പ്രകാരം നൽകിയ 69,152 രൂപയിൽ 61,760 രൂപയുള്ള മരുന്നുകൾ മാത്രമേ സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ളൂ. 7,392 രൂപയുടെ മരുന്നുകൾ നാളിതു വരെ ലഭ്യമായതായി സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 7,392 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് നമ്പർ 93/17-18- പെയിൻ ആന്റ് പാലിയേറ്റീവ് കെയർ

അടങ്കൽ – 5,61,246

ചെലവ് – 5,61,246

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോജക്ടിനായി ആകെ 5,61,246 രൂപ ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ നഴ്സിന്റെ ശമ്പളം, ഭക്ഷണം, വണ്ടിവാടക, മരുന്ന്/മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ എന്നീ ആവശ്യങ്ങൾക്കായിട്ടാണ് തുക ചെലവഴിച്ചത്. ഇതിൽ മരുന്ന്/മെഡിക്കൽ ഉപകരണങ്ങൾ വാങ്ങാനായി ചെലവഴിച്ച 1,45,747 രൂപയിൽ 67,070 രൂപക്കുള്ള മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ നാളിതു വരെ ലഭ്യമായിട്ടില്ലയെന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ വ്യക്തമാകുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ബില്ലിന്റെ വിശദാംശങ്ങൾ | മരുന്നിനായി/ഉപകരണങ്ങൾ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ | ലഭിച്ച മരുന്നുകൾ/ ഉപകരണങ്ങൾ (രൂപയിൽ) | ലഭിക്കാനുള്ള മരുന്നുകൾ/ഉപകരണങ്ങൾ (രൂപയിൽ) |
|---|---|---|---|---|
| 1 | നം.8/17-18/ 10.01.18, 38,744 രൂപ | 38,744 രൂപ, കേരള മെഡിക്കൽ സർവ്വീസ് കോപ്പറേഷൻ (അക്കൗണ്ട് നം.3624001800000019, പി.എൻ.ബി) | 35,615 | 3,129 |
| 2 | നം.9/17-18/ 10.01.18, 29,965 രൂപ | 29,965 രൂപ, കേരള മെഡിക്കൽ സർവ്വീസ് കോപ്പറേഷൻ (അക്കൗണ്ട് നം.3624001800000019, പി.എൻ.ബി) | 29,965 | 0 |
| 3 | നം.12/17-18/ 22.01.18, 17,560 രൂപ | 17560 രൂപ, കേരള മെഡിക്കൽ സർവ്വീസ് കോപ്പറേഷൻ (അക്കൗണ്ട് നം.3624001800000019, പി.എൻ.ബി) | 0 | 17,560 |
| 4 | നം.14/17-18// 22.01.18, 35,631 രൂപ | 1,807 രൂപ- കേരള മെഡിക്കൽ സർവ്വീസ് കോപ്പറേഷൻ<br>13,328 രൂപ- നന്ദ ബയോടെക് (അക്കൗണ്ട് നം.43581400000049, സിൻഡിക്കേറ്റ് ബാങ്ക്)<br>20496- നീതി മെഡിക്കൽസ്<br>(അക്കൗണ്ട് നം.67252846425, എസ്.ബി.ഐ) | 0 | 35,631 |
| 5 | നം.16/17-18// | 13,097 രൂപ- കേരള മെഡിക്കൽ | 13,097 | 10,750 |

| | | | | |
|---|---|---|---|---|
| | 09.02.18, 56,927 രൂപ | സർവ്വീസ് കോപ്പറേഷൻ<br>10,750 രൂപ- സെന്റ് ജോസഫ് സർജിക്കൽസ് (അക്കൗണ്ട് നം. 0324073000000334, എസ്.ഐ.ബി.) | | |
| ആകെ | | 1,45,747 | 78,677 | 67,070 |

ആയതിനാൽ മേൽ പ്രോജക്ടിനായുള്ള 67,070 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അവശേഷിക്കുന്ന മരുന്നുകൾ/ഉപകരണങ്ങൾ കൂടി ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. നിരാലംബരായ കിടപ്പു രോഗികളുടെ സാന്ത്വന പരിചരണം എന്ന നിലയിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകേണ്ടതും ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതും ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ കൂടി ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 3-7 ഹോമിയോ മരുന്ന് ലഭിച്ചിട്ടില്ല--1,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽപ്പെടുത്തി മരുന്ന് ലഭ്യമാക്കുന്നതിനായി ആലപ്പുഴ ഹോംകോയ്ക്ക് 1,50,000 രൂപ നൽകിയിട്ടുണ്ട്. (bill no.861.purchase of medicine for homeo disp/8.1.18). എന്നാൽ ഓഡിറ്റ് തീയതി വരെ മരുന്ന് ലഭ്യമായിട്ടില്ല. മുൻവർഷങ്ങളിൽ തുടർന്നു പോന്നിരുന്നതുപോലെ പദ്ധതി കാലയളവിന്റെ പകുതിയും പിന്നിട്ടതിനു ശേഷം മാത്രം ആവശ്യപ്പെടുന്നതുകൊണ്ടാണ് മരുന്ന് ലഭിയ്ക്കാതെയോ ഭാഗികമായി മാത്രം ലഭിയ്ക്കുകയോ ചെയ്യുന്നത്. ഈ കാലതാമസം ഭാവിയിൽ ഒഴിവാക്കി മരുന്ന് യഥാസമയം ലഭ്യമാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി കൂടി ശ്രദ്ധിയ്ക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ ലഭിയ്ക്കുന്നതു വരെ 1,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ- മരുന്നു മുഴുവൻ ലഭിച്ചില്ല-- 1,52,252 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹിച്ച മരുന്നു വാങ്ങൽ പ്രൊജക്ടുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

പ്രോജക്ട് നമ്പർ 60/17-18 – ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ

അടങ്കൽ – 4,00,000

ചെലവ് – 4,00,000

പ്രസ്തുത പ്രോജക്ട് പ്രകാരം നെടുംകുന്നം ആയുർവേദ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനു (അക്കൗണ്ട് നം.5913005900000015, പി.എൻ.ബി) നൽകിയ 4,00,000 രൂപയിൽ (ബിൽ നം.01/17-18 തീയതി 08.1.18) 1,52,252 രൂപക്കുള്ള മരുന്നുകൾ നാളിതു വരെ ലഭ്യമായിട്ടില്ലയെന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ വ്യക്തമാകുന്നു. ആയതിനാൽ 1,52,252 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അവശേഷിക്കുന്ന മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-9 സംയുക്ത പ്രോജക്ടിനുള്ള തുക നിക്ഷേപിക്കാൻ ആരംഭിച്ച അക്കൗണ്ടിൽ നാളിതു വരെ തുക നിക്ഷപിച്ചിട്ടില്ല

സർക്കാർ ഉത്തരവ് നം. (പി) 7/2017/ ഫിൻ 23.01.2017 പ്രകാരം സംയുക്ത പ്രോജക്ടിനായി സബ് ട്രഷറിയിൽ റ്റി.എസ്.ബി അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് 2018 മാർച്ച് മാസത്തിൽ അക്കൗണ്ട് ആരംഭിച്ചെങ്കിലും സംയുക്ത പ്രോജക്ടിനായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം ബ്ളോക്ക് പഞ്ചായത്ത് വിഹിതം എന്നിവ നാളിതു വരെ പ്രസ്തുത അക്കൗണ്ടിലേക്ക് നിക്ഷപിച്ചിട്ടില്ല. ഇതിനായി രജിസ്ററർ സൂകിഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. സംയുക്ത പ്രോജക്ടിനായി ലഭിക്കുന്ന തുകകളും നിലവിലുള്ള ബാലൻസ് തുകകളും സബ് ട്രഷറി റ്റി.എസ്.ബി. അക്കൗണ്ടിലേക്ക് നിക്ഷപിക്കുകയും ഇതേ അക്കൗണ്ടിൽ നിന്നു തന്നെ ചെലവ് നടത്തുകയും ചെയ്യേണ്ടതാണ്.

## 3-10 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി ലഭ്യമാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികളിൽ (ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 3-11 വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പ്രവർത്തനം

1) ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി

പഞ്ചായത്തിന്റ ധനകാര്യം, നികുതി, അക്കൗണ്ടുകൾ ഓഡിറ്റ്, ബജറ്റ്, നികുതികളുടെ അപ്പീൽ എന്നീ വിഷയങ്ങൾ പഞ്ചായത്തിന് വേണ്ടി കൈകാര്യം ചെയ്യേണ്ട ചുമതല ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. എല്ലാ മാസവും സ്റ്റാൻറിംഗ് കമ്മിറ്റി യോഗം ചേർന്ന് വരവുചെലവ് കണക്കുകൾ അംഗീകരിക്കുന്നുണ്ട്. വസ്തു നികുതി പിരിവ് പുരോഗതി വിലയിരുത്തുന്നുണ്ട്. ധനപരവും അല്ലാത്തതുമായ എല്ലാ രജിസ്റ്ററുകളും യഥാസമയം എഴുതി സൂക്ഷിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നില്ല. പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സേവന നികുതി ഏർപ്പടുത്തുന്നതിന് ജനറൽ കമ്മിറ്റിയോട് അഭ്യർത്ഥിച്ച് തീരുമാനിച്ചെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർത്തതിന്റെ വിവരങ്ങൾ മിനിട്സിൽ നിന്നും വ്യക്തമല്ല. ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവഹിക്കുവാൻ കമ്മിറ്റി അംഗങ്ങൾ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

2) വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

തൻവർഷം കമ്മിറ്റി എല്ലാ മാസവും കൂടിയിട്ടുണ്ട്. 16-17 ൽ പൂർത്തിയാക്കാത്ത പദ്ധതികൾ 17-18 ലേയ്ക്ക് സ്പിൽഓവർ ആക്കുക, 17-18 ൽ ഡിപിസി അംഗീകരിച്ച പദ്ധതികൾ നിർവ്വഹണോദ്യോഗസ്ഥരെ ഏൽപ്പിയ്ക്കൽ, ഗുണഭോക്തൃലിസ്റ്റ് അംഗീകരിയ്ക്കൽ, പ്രോജക്ടുകൾ ഭേദഗതി ചെയ്ത് അംഗീകരിയ്ക്കൽ തുടങ്ങി പ്രോജക്ടുകളുമായി ബന്ധപ്പെട്ട

പൊതുവായ നടപടികളാണ് കമ്മിറ്റിയിൽ പ്രധാനമായും ചർച്ച ചെയ്യിട്ടുള്ളത്. അംഗീകരിയ്ക്കപ്പെട്ട പദ്ധതികളുടെ പൊതുവായ മേൽനോട്ടം എന്നതിലുപരി ഓരോ മേഖലയിലെയും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളെ കൃത്യമായി വിലയിരുത്തുകയോ സ്റ്റാറ്റസ് റിപ്പോർട്ടുകൾ കൃത്യമായി അപഗ്രഥിച്ച് വികസനത്തിനുതകുന്ന പുതിയ പദ്ധതികൾ തയ്യാറാക്കുന്നതിൽ മുഖ്യപങ്കു വഹിയ്ക്കുകയോ ചെയ്യുന്നില്ല. ഉദാഹരണത്തിന് പ്രാദേശിക സാമ്പത്തിക വികസന മേഖലയിൽ പ്രാദേശിക ഉൽപ്പന്നങ്ങളായ റബ്ബർ, കൈതച്ചക്ക, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയുടെ വിപണനം വർദ്ധിപ്പിയ്ക്കുക എന്നത് 13-ാം പഞ്ചവത്സരക്കാലയളവിലേയ്ക്ക് ലക്ഷ്യം വെച്ചിട്ടുണ്ടെങ്കിലും പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷത്തിൽ പ്രോജക്ടുകളൊന്നും ആസൂത്രണം ചെയ്യിട്ടില്ല.

3) <u>ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി</u>

പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളുടെയും, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം, സാമൂഹിക ക്ഷേമം, സാമൂഹിക സുരക്ഷ പ്രവർത്തനം, ചേരി പരിഷ്ക്കരണം, ദാരിദ്ര്യ നിർമ്മാർജ്ജനം, പൊതു വിതരണ സമ്പ്രദായം എന്നീ വിഷയങ്ങളാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നത്. ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പ്രാധാന്യമർഹിക്കുന്നു. എല്ലാ മാസവും സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം ചേരുന്നുണ്ടെങ്കിലും ക്ഷേമ പെൻഷനുകൾക്കായി ലഭിച്ച അപേക്ഷകളിന്മേലുള്ള തുടർ നടപടികൾ മാത്രമാണ് കമ്മിറ്റി യോഗങ്ങളിൽ പരിഗണിച്ചിട്ടുള്ളതെന്ന് ഗ്രാമ പഞ്ചായത്തിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിലും പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിലും അങ്കണവാടികളുടെ അവസ്ഥാവിശകലനം, പോഷകാഹാര വിതരണം ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളിലും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

4) <u>ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി</u>

പഞ്ചായത്തിന്റെ പൊതുജനാരോഗ്യം, ശുചീകരണം, കുടിവെള്ളം, വിദ്യാഭ്യാസം, കായിക വികസനം, യുവജനക്ഷേമം എന്നീ വിഷയങ്ങൾ പഞ്ചായത്തിന് വേണ്ടി നിർവ്വഹിക്കേണ്ട ചുമതല ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. 2017-18 വർഷത്തേക്കുള്ള ബജറ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്യിട്ടുണ്ട്. കമ്മിറ്റി കൃത്യമായി യോഗം ചേരുന്നുണ്ട്. മിനിട്സ് സൂക്ഷിപ്പ് തൃപ്തികരമാണ്. കമ്മിറ്റിയുടെ വിഷയചുമതലയിൽ വരുന്ന ആരോഗ്യം, കുടിവെള്ളം, ശുചിത്വം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ നടത്തിയതായി വർക്കിംഗ് ഗ്രൂപ്പ മിനിട്സിൽ കാണുന്നില്ല. ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടം, വിലയിരുത്തൽ എന്നിവ നടത്തിയതായുള്ള വിവരങ്ങൾ മിനിട്സിൽ നിന്നും വ്യക്തമല്ല. 2017-18 വർഷത്തെ പദ്ധതി രൂപകരണവുമായി ബന്ധപ്പെട്ട് പദ്ധികൾക്ക് അന്തിമ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ആരോഗ്യ മേഖല, വിദ്യാഭ്യാസ മേഖല എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനം, അറ്റകുറ്റപ്പണി തുടങ്ങിയവയ്ക്ക് പദ്ധതികൾ നിർദ്ദേശം നൽകിയതായി കാണുന്നില്ല.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവഹിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ടവർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

### 4-1 <u>സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 87,500 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 85,836 | 1,664 |
| | | 30,00,000 | കിണർറീ ചാർജ്ജിംഗ് | 4,22,810 | 25,77,190 |
| ബ്ലോക്ക് പഞ്ചായത്ത് | | 83,330 | അങ്കണവാടി പോഷകാഹാരം | | 83,330 |
| | | 50,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 50,000 | 0 |
| | | 4,91,667 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 4,27,896 | 63,771 |

ചെലവ് പത്രിക പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിലുള്ള ചെലവ് 6,17,160/-രൂപയാണ്. എന്നാൽ B4 ഷെഡ്യൂൾ പ്രകാരം ആയത് 23,84,504 രൂപയാണ്. (കിണർ റീചാർജിംഗ് ബാലൻസ് - 2,82,840 + ഭിന്നശേഷിക്കാരുടെ സ്കോളർഷിപ്പ് 1,664). എന്നാൽ കൃഷി ഓഫീസറുടെ രജിസ്റ്റർ പരിശോധിച്ചതിൽ കിണർ റീചാർജിംഗ് ഇനത്തിലെ യഥാർത്ഥ ചെലവ് 4,22,810 രൂപയാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വരവിനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| നെടുങ്കുന്നം ഗ്രാമപഞ്ചായത്ത് ഭവനപദ്ധതി | സ.ഉ.നം.72858/ഡി.ബി /1/14/തസ്വഭവ 25.11.14 | 50,00,000 | 29,66,445 | 12,90,223 | 2,72,795 | 16,76,222 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 42,500 |
| ആകെ | 16,42,500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16,42,500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | ബാങ്കിന്റെ പേര് | എഫ്.ഡി.നം | തീയതി | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്ഥിര നിക്ഷേപം | നെടുംകുന്നം റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.286 | 0633 | 17.10.2016 | 5,00,000 |
| | നെടുംകുന്നം സൗത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 1271 | 662 | 17.10.16 | 5,42,500 |
| | നെടുംകുന്നം സൗത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 1271 | 722 | 17.2.17 | 3,00,000 |
| | നെടുംകുന്നം റീഡിയണൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.286 | 2080 | 16.02.17 | 3,00,000 ** |
| ആകെ | | | | 16,42,500 |

**നെടുംകുന്നം സൗത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് എഫ്.ഡി.നം.2080 പ്രകാരമുള്ള നിക്ഷേപത്തിന്റെ കാലാവധി 16.2.18 ൽ അവസാനിച്ചിരുന്നതാണ്. എന്നാൽ ഇത് പുതുക്കിയിരിക്കുന്നത് 21.6.18ൽ മാത്രമാണ്. നിക്ഷേപത്തിന്റെ പലിശ മുൻകാല പ്രാബല്യത്തോടെ ലഭിച്ചതായും 2018-19ൽ വരവായി ചേർക്കുകയും ചെയ്തിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15,000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2011-12 | 2(6) ബി | 15,000 | പ്രൊപ്രൈറ്റർ, ഗീതാഞ്ജലി ഓഡിറ്റോറിയം | 117040104878 /8.2.18 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-4 | 2012-13 | 4-4-1 | പൊങ്ങൻ പാറ ജലസേചന പദ്ധതി-ആവിഷ്കരണത്തിൽ അപാകത -തുക പാഴ്ചെലവായി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,89,78,713 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,46,84,024 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 17,79,781 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4,73,721 | ശ്രീ.സജിത്ത് റ്റി., സെക്രട്ടറി |
| 3-3(1) | 2,00,000 | ശ്രീ.സജിത്ത് റ്റി., സെക്രട്ടറി |
| 3-3(2) | 3,75,000 | ഡോ.മാത്യു ഫിലിപ്പ്, വെറ്ററിനറി സർജൻ |
| 3-4 | 1,50,000 | ശ്രീ.അനൂപ് എൻ., അസിസ്റ്റന്റ് സെക്രട്ടറി |
| | 1,50,000 | ശ്രീ.ഗിരീഷ്കുമാർ ജെ., അസിസ്റ്റന്റ് സെക്രട്ടറി |
| | 50,000 | ശ്രീ.വിനോദ്കുമാർ ഇ.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 4,346 | ശ്രീമതി ബീന കെ., ഹെഡ്മിസ്ട്രസ് |
| 3-6(1) | 7,392 | ഡോ.സ്മിത എം.എസ്.,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-6(2) | 67,070 | |
| 3-7 | 1,50,000 | ശ്രീ.സജിത്ത് റ്റി., സെക്രട്ടറി |
| 3-8 | 1,52,252 | ഡോ.അഞ്ജന എൻ., മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ആകെ | 17,79,781 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(4)18/1.2.18 | 4 | |

| | | | |
|---|---|---|---|
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(5)18/1.2.18 | 1 | |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(6)18/1.2.18 | 8 | |
| 2009-10 | കെ.എസ്.എ-കെ.ടി.എം. പി5-1549/2016(7)/30.12.17 | 1 | |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(7)18/1.2.18 | 1 | |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018)181(8)18/1.2.18 | 2 | |
| 2012-13 | എൽ.എഫ്.കെ.പി5/491/15/3.8.15 | 22 | |
| 2013-14 | എൽ.എഫ്.കെ.പി5/814/2016/7.9.16 | 10 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5-605/2018/7.4.18 | 21 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5-1460/2017(2)/21.12.17 | 17 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി51460/2017(1)/29.12.17 | 13 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി5/1438/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി:04.08.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെടുംകുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം